# പതിമൂന്നാം കേരളനിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 495

05-07-2012 - ൽ മറുപടിക്ക്

## ഐ.റ്റി.യുടെ ഗുണഫലങ്ങൾ ജനങ്ങളിലെത്തിക്കാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. വി.ഡി. സതീശൻ :<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. ബെന്നി ബെഹനാൻ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഐ.റ്റി.യുടെ ഗുണഫലങ്ങൾ ജനങ്ങളിലെത്തിക്കാൻ ഏന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (എ) നാഷണൽ ഇ-ഗവേർണൻസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പരീക്ഷണാടിസ്ഥാനത്തിലും പ്രാഥമികതലത്തിലും ചില ജില്ലകളിൽ മാത്രം നടപ്പിലാക്കി വന്ന ചില പദ്ധതികൾ മറ്റു ജില്ലകളിൽ കൂടി വ്യാപിപ്പിച്ച് ഐ.റ്റി.യുടെ ഗുണഫലങ്ങൾ സംസ്ഥാനത്തൊട്ടാകെയുള്ള ജനങ്ങളിൽ എത്തിക്കുവാനും നടപടി സ്വീകരിച്ചു. അപ്രകാരം ആധാർ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കുകയും റവന്യൂ വകുപ്പിലെ സേവനങ്ങൾ ലഭ്യമാക്കുന്ന ഇ-ഡിസ്ട്രിക്റ്റ് പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>വിവരസാങ്കേതിക വിദ്യയിൽ വിപുലമായ പരിശീലനം പ്രത്യേകിച്ച് സ്ത്രീകളിൽ ലഭ്യമാക്കുവാൻ ലക്ഷ്യമിടുന്ന വുമൻ റിസോഴ്സ് സെന്ററിന്റെ കൂടുതൽ സെന്ററുകൾ വ്യാപിപ്പിക്കുന്നതിൽ നടപടി സ്വീകരിച്ചു വരുന്നു. മുഖ്യമന്ത്രിയുടെ ഓഫീസിന്റെ പ്രവർത്തനം തൽസമയം വീക്ഷിക്കുന്നതിന് പൊതുജനങ്ങൾക്ക് സൗകര്യമൊരുക്കി. പൊതു ജനങ്ങൾക്ക് അവരുടെ പരാതിയും നിവേദനവും മുഖ്യമന്ത്രിക്ക് ഓൺ ലൈനായി സമർപ്പിക്കുവാൻ സൗകര്യമൊരുക്കി. ഐഡിയാസ് സംവിധാനം വിപുലപ്പെടുത്തിയതു മൂലം പൊതുജനങ്ങൾക്ക് അവർ കൊടുക്കുന്ന പരാതിയും നിവേദനവും സംബന്ധിച്ച വിവരം ബന്ധപ്പെട്ട ഓഫീസുകളിൽ കയറിയിറങ്ങാതെ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു. |
| (ബി) ഇതിനായി ഏന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കി നടപ്പിലാക്കിയത് ; വിശദാംശം നൽകുമോ; | (ബി) കേന്ദ്ര സർക്കാരിന്റെ നാഷണൽ ഇ-ഗവേർണൻസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് തിരുവനന്തപുരത്തും ആലപ്പുഴയിലും ആരംഭിച്ച ആധാർ പദ്ധതി മികച്ച രീതിയിൽ മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് സാധിച്ചു. ഇ-ഡിസ്ട്രിക്റ്റ് പദ്ധതി പാലക്കാട്, കണ്ണൂർ ജില്ലകളിൽ വിജയകരമായി നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റിന്റെ അംഗീകാരത്തോടെ കോട്ടയം, പത്തനംതിട്ട, മലപ്പുറം ജില്ലകളിൽ കൂടി നടപ്പിലാക്കുവാൻ തീരുമാനിച്ചു. |

ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന 5 സെന്റിന് താഴെ ഭൂമിയുള്ള 2,30,000 കുടുംബങ്ങൾക്ക് ആം ആദ്മി ബീമാ യോജന (ആബി) പദ്ധതിയിൽ അംഗമാക്കുന്നതിനുള്ള രജിസ്ട്രേഷനും, രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന യുടെയും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയു ടേയും അംഗത്വ രജിസ്ട്രേഷനും സ്മാർട്ട് കാർഡ് പുതു ക്കൽ തുടങ്ങിയവയും നടത്തി.

സർക്കാരിന്റെ എല്ലാ സേവനങ്ങളും സാധാരണക്കാരന് ലഭ്യമാക്കുന്നതിനുള്ള സൗകര്യമൊരുക്കുന്ന സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ്‌വേ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങ ളിലൂടെ പൊതുജനങ്ങൾക്ക് സർക്കാരിന്റെ എല്ലാ നികുതി കളും ബില്ലുകളും അധിക ചെലവുകളില്ലാതെ അടക്കു വാനും പോലീസ് സ്റ്റേഷനിലേക്കുള്ള പരാതി സമർപ്പി ക്കുവാനുമുള്ള സംവിധാനം നടപ്പിലാക്കി.

(സി) ഈ ലക്ഷ്യം പൂർണ്ണമായി കൈവരിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിക്കാനു ദ്ദേശിക്കുന്നത് ; വിശദാംശ ങ്ങൾ നൽകുമോ ?

(സി) അക്ഷയയിലൂടെ കൂടുതൽ ഐ.റ്റി. അധിഷ്ഠിത സേവന ങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. സർക്കാരിന്റെ സുതാര്യതയും കാര്യക്ഷമതയും വേഗത യും വർദ്ധിപ്പിക്കുവാനും കേരളത്തെ ഇ-ഗവേർണൻസി ലൂടെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമാക്കു വാൻ നടപടി സ്വീകരിച്ചു വരുന്നു. എല്ലാവർക്കും യു.ഐ.ഡി/ആധാർ അടിസ്ഥാനമാക്കി സംസ്ഥാനത്തിന്റെ ഇ-മെയിൽ നൽകുന്നതിനും തുടർന്ന് സർക്കാർ സംബ ന്ധമായ എല്ലാ അപേക്ഷകളും ഇടപാടുകളും ഇ-മെയിലി ലൂടെ നടത്താൻ സൗകര്യമൊരുക്കുന്നതിനുള്ള ഒരു ബൃഹത്ത് പദ്ധതിക്ക് ലക്ഷ്യമിടുന്നു. 2013 ഡിസംബറിന് മുമ്പ് എല്ലാ പഞ്ചായത്തുകളിലും ഒപ്റ്റിക്കൽ ഫൈബർ ബ്രോഡ്ബാൻഡും 4-ജിയും ലഭ്യമാക്കുന്നതിനും ക്ഷേമ പെൻഷനുകളും മറ്റു പെൻഷനുകളും സ്കോളർഷിപ്പു കളും ആധാർ കാർഡുമായി ബന്ധിപ്പിച്ച് ബാങ്കിലൂടെ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. സെക്രട്ടേറിയറ്റിലെ ഫയലുകളെല്ലാം ഡിജിറ്റൽ സമ്പ്രദായ ത്തിലാക്കുന്നതാണ്. കൂടാതെ 25 ലക്ഷത്തിനു മുകളി ലുള്ള എല്ലാ കരാറുകൾക്കും ഇ-ടെണ്ടർ സമ്പ്രദായം എല്ലാ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ